# പതിമൂന്നാം കേരള നിയമസഭ – ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :159 10/06/13-ൽ മറുപടിക്ക്

## മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് മാരക രാസവസ്തുക്കൾ ഉപയോഗിക്കുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യം കേടുകൂടാതെയിരിക്കുന്നതിന് ഉപയോഗിക്കുന്ന ഐസ് ജനങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടോയെന്നും അവയിൽ മാരക രാസവസ്തുക്കൾ കലരുന്നുണ്ടോയെന്നും പരിശോധിക്കുവാൻ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അവ പരിശോധിക്കുവാനും ആരോഗ്യകരമല്ലാത്ത സാഹചര്യങ്ങളിൽ ഉണ്ടാക്കുന്നതും അപകടകരമായ രാസവസ്തുക്കൾ ചേർത്ത് തയ്യാറാക്കുന്നതുമായ ഐസിന്റെ ഉത്പാദനവും വിപണനവും തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) മത്സ്യം കേട് കൂടാതെയിരിക്കുന്നതിന് ഉപയോഗിക്കുന്ന ഐസിൽ മാരകമായ രാസവസ്തുക്കൾ കലരുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഫിഷറീസ് വകുപ്പിൽ നിലവിൽ സംവിധാനങ്ങളില്ല. ഭക്ഷ്യസുരക്ഷാ കമ്മീഷണർ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പരിശോധനാ വിഭാഗം എന്നീ സംവിധാനങ്ങൾ വഴിയാണ് ഇപ്പോൾ ഈ വിഷയം കൈകാര്യം ചെയ്യുന്നത്. |
| (ബി) പൊതുജനങ്ങൾ ഉപയോഗിക്കുന്ന മത്സ്യം പലപ്പോഴും ഫോർമാലിൻ അടക്കമുള്ള രാസ വസ്തുക്കൾ ചേർത്ത് കേടാകാതെ നില നിർത്തുന്നവയാണെന്നും ഇത്തരം മത്സ്യങ്ങൾ ഉപയോഗിക്കുന്ന മനുഷ്യർക്ക് ക്യാൻസർ പോലെ മാരക രോഗങ്ങൾ ഉണ്ടാകുന്നു എന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;മത്സ്യബന്ധന മേഖലയെ തന്നെ ഗുരുതരമായി | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണർ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പരിശോധനാ വിഭാഗം തുടങ്ങിയവയുടെ നിരന്തര പരിശോധനകൾ വഴി ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കാവുന്നതാണ്. മത്സ്യത്തിലും മത്സ്യ ഉല്പന്നങ്ങളിലും പരമാവധി 350 പി.പി.എം വരെ മാത്രമേ അമോണിയ അനുവദനീയമായിട്ടുള്ളൂ. സ്രാവ് ഇനങ്ങളിൽപ്പെടുന്ന മത്സ്യങ്ങളിൽ ആണെങ്കിൽ 400 പി.പി.എം വരെ ആകാവുന്നതാണ്. ഈ അളവിനേക്കാൾ കൂടുതൽ അമോണിയ ഉള്ള മത്സ്യം കഴിക്കുന്നത് ശരീരത്തിന് ഹാനികരമാണെന്ന് ഡയറക്ടർ, കൗൺസിൽ ഫോർ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിവരം തുടർനടപടികൾക്കായി സെക്രട്ടറി, |

| | |
|---|---|
| ബാധിക്കാവുന്ന ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നു വ്യക്തമാക്കാമോ? | തിരുവനന്തപുരം നഗരസഭയെ അറിയിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും എറണാകുളം ജില്ലയിലെ വിവിധ ഐസ്പ്ലാന്റുകളിൽ നിന്നും ഐസിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി സീഫ്റ്റിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ